## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4042** **16.12.2014-ൽ മറുപടിയ്ക്ക്**

# തിരുവനന്തപുരം നഗരസഭാമേഖലയിലെ തെരുവുവിളക്കുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭാമേഖലയിലെ നൂറു വാർഡുകളിലും നിലവിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാത്തത് എന്തുകൊണ്ടാണ് ; | (എ) & (ബി) | 17-05-2012-ലെ ബോർഡ് ഉത്തരവ് BO FM (Genl) No. 1007/2012 (Plg.com 3515/98/11-12) dated 17.5.2012 പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നിർവഹിക്കേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയ്ക്ക് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാതെ വന്നതുകൊണ്ട് ആവശ്യമായ ലേബർചാർജ്ജുകൾ നഗരസഭ അടയ്ക്കുകയും, ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുകയും ചെയ്യുന്ന മുറയ്ക്ക് ടി അറ്റകുറ്റപ്പണികൾ ബോർഡ് ചെയ്യുമെന്ന ധാരണയിലെത്തുകയുണ്ടായി. തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം നാളിതുവരെ ലേബർചാർജ്ജ് ഇനത്തിൽ 79,21,596/- രൂപ നഗരസഭ ബോർഡിൽ അടച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ നഗരസഭയാണ് വാങ്ങി നൽകേണ്ടത്. നഗരസഭ നൽകിയ സാധന സാമഗ്രികൾഉപയോഗിച്ച് ഉദ്ദേശം 65 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. യഥാസമയം അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധന സാമഗ്രികൾ നഗരസഭ ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാവുന്നതാണ് |
| (ബി) പ്രസ്തുത വിളക്കുകൾ എന്നത്തേക്ക് പ്രകാശിപ്പിക്കും എന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.